# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7009** **11.07.2014 ൽ മറുപടിക്ക്**

## ഔപചാരിക വിദ്യാഭ്യാസം നേടാത്തവർക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. തിലോത്തമൻ** | | **ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി)** | |
| (എ) | ഔപചാരിക വിദ്യാഭ്യാസം നേടാത്തവർക്ക് നിശ്ചിത പ്രായം കഴിഞ്ഞാലും പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം തേടുവാൻ അവസരം നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തുല്യതാ പരീക്ഷകൾ നടത്തുന്നുണ്ടോ; ഏതെല്ലാം നിലവാരത്തിലാണ് തുല്യതാ പരീക്ഷകൾ നടത്തുന്നത് എന്നു വ്യക്തമാക്കുമോ; ഈ പരീക്ഷകൾ എഴുതുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; | (എ) | ഇല്ല. ഔപചാരിക വിദ്യാഭ്യാസം നേടാത്ത 15 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് തുടർന്ന് പഠിക്കുന്നതിനായി നാലാംതരം തുല്യത, ഏഴാംതരം തുല്യത, പത്താംതരം തുല്യത എന്നീ പരീക്ഷകൾ സംസ്ഥാന സാക്ഷരതാ മിഷന്റെ കീഴിൽ നടത്തുന്നുണ്ട്.<br>നാലാംതരം തുല്യതാ കോഴ്സിൽ ചേരുന്നതിന് 15 വയസ്സിനും 50 വയസ്സിനുമേൽ പ്രായമായ നവസാക്ഷരരോ, സ്കൂളിൽ നിന്നും പഠനം നിർത്തിയവരോ, ഔപചാരിക വിദ്യാഭ്യാസത്തിന് അവസരം ലഭിക്കാത്തവരോ ആയിരിക്കണം.<br>ഏഴാംതരം തുല്യതാ കോഴ്സിൽ ചേരുന്നതിന് 15 വയസ്സിന് മുകളിൽ പ്രായമുള്ള നാലാംതരം തുല്യത വിജയ കരമായി പൂർത്തിയാക്കിയവരോ, ഔപചാരിക നാലാംക്ലാസ് പാസാ യവരോ, 5, 6, 7 ക്ലാസുകൾ പൂർത്തിയാക്കിയവരോ ആയിരി ക്കണം.<br>പത്താം തരം തുല്യതാ കോഴ്സിൽ ചേരുന്നതിന് 17 വയസ്സ് പൂർത്തിയായവരും ഏഴാം ക്ലാസ്സ് പാസായവരുമായിരിക്കണം.<br>പത്താം തരം തുല്യതാ കോഴ്സ് പാസായ ഏതൊരാൾക്കും പ്രായപരിധിയില്ലാതെ ഹയർ സെക്കൻഡറി തുല്യതാ കോഴ്സിന് |

ചേരാവുന്നതാണ്. എന്നാൽ ഔപചാരിക വിദ്യാഭ്യാസത്തിലൂടെ പത്താംതരം പാസായവർക്ക് 22 വയസിനു ശേഷമേ ഹയർ സെക്കൻഡറി തുല്യതാ കോഴ്സിന് പ്രവേശനം ലഭിക്കുകയുള്ളൂ.

**(ബി)** പ്ലസ് ടു തുല്യതാ പരീക്ഷ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്ലസ് ടു തുല്യതാ പരീക്ഷ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

**(ബി)** ഉണ്ട്. കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ